M3

35.63

# കേരള സർക്കാർ

## സംഗ്രഹം

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - സാധാരണ മണ്ണ് (ordinary earth) ഖനനം ചെയ്യുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വ്യവസായ (എ) വകുപ്പ്

സ.ഉ (എം.എസ്) നം.85/2010/വ്യവ തീയതി, തിരുവനന്തപുരം, 5.4.2010.

---

## ഉത്തരവ്

പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ സാധാരണ മണ്ണിനെ (ordinary earth) 1967-ലെ മൈനർ മിനറൽ കൺസഷൻ ചട്ടത്തിൽ ഉൾപ്പെടുത്തി ചെറുകിട ധാതുവായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സാധാരണ മണ്ണ് ഖനനം ചെയ്യുമ്പോഴും കടത്തിക്കൊണ്ടുപോകുമ്പോഴും അധികൃതരുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാവുകയും, ഇതിന്റെ പേരിൽ ജനങ്ങളെ പീഡിപ്പിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, 1967-ലെ മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം, സ്വകാര്യഭൂമിയിൽ നിന്നും സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിനോ, ആയത് കടത്തിക്കൊണ്ടുപോകുന്നതിനോ മൈനിംഗ് & ജിയോളജി വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമില്ലെന്ന് സർക്കാർ ഇതിനാൽ വ്യക്തമാക്കുന്നു.

എന്നാൽ സാധാരണ മണ്ണ് ഖനനം ചെയ്യുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിയ്ക്കേണ്ടതാണ്.

1) കളിമണ്ണ്, ലാറ്ററൈറ്റ്, സിലിക്ക, ഇൽമനൈറ്റ്, മണൽ എന്നീ ചെറുകിട ധാതുക്കളുടെ ഗണത്തിൽപ്പെട്ട മണൽ ഖനനം ചെയ്യുന്നതിന് റവന്യൂ, മൈനിംഗ് & ജിയോളജി വകുപ്പുകളുടെ അനുമതി വാങ്ങേണ്ടതാണ്.

2) സമീപപ്രദേശങ്ങളുടെ അതേ നിരപ്പിൽത്തന്നെ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണത്തിനും, കിണർ, കുളം എന്നിവ കുഴിയ്ക്കുന്നതിനും, അതുപോലെയുള്ള മറ്റ് ആവശ്യങ്ങൾക്കും, മണ്ണ് നീക്കം ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ പ്രത്യേകാനുമതി വാങ്ങേണ്ടതില്ല.

3) സർക്കാരിന്റെ കൈവശമിരിക്കുന്ന ഭൂമിയിൽ നിന്നോ, പുറമ്പോക്കിൽ നിന്നോ മണ്ണ് നീക്കം ചെയ്യുന്നതിന് ജില്ലാകളക്ടറുടെ പ്രത്യേക അനുമതി വാങ്ങണം.

4) സ്വന്തം സ്ഥലത്തുനിന്ന് നീക്കംചെയ്യുന്ന മണ്ണിന് സർക്കാരിലേക്ക് റോയൽറ്റിയോ, മറ്റേതെങ്കിലും ഫീസോ അടയ്ക്കേണ്ടതില്ല,

5) നീക്കം ചെയ്യുന്ന മണ്ണ്, കൃഷിസ്ഥലങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ നികത്തുവാൻ ഉപയോഗിയ്ക്കരുത്.

6) വലിയതോതിൽ മണ്ണ് ഖനനം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും, അനുമതി നേടേണ്ടതാണ്.

7) സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനു മുൻപായി ഖനനംമൂലം ഖനനപ്രദേശത്തോ, സമീപപ്രദേശങ്ങളിലോ, ജലദൗർലഭ്യം, ഉരുൾപൊട്ടൽ, മലയിടിച്ചിൽ തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാനിടയില്ലെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്.

8) സാധാരണ മണ്ണ് ഖനനം ചെയ്യുമ്പോഴും, കടത്തുമ്പോഴും നിലവിലുള്ള ചട്ടങ്ങൾ/നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി. ബാലകൃഷ്ണൻ,
അഡീഷണൽ ചീഫ് സെക്രട്ടറി

മൈനിംഗ് & ജിയോളജി ഡയറക്ടർ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
വ്യവസായ കേരളം, തിരുവനന്തപുരം.
കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ.
ചേംബർ ഓഫ് കൊമേഴ്സ്, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം.
കേരള ചേംബർ ഓഫ് കൊമേഴ്സ്, ഷൺമുഖൻ റോഡ്, കൊച്ചി.
മലബാർ ചേംബർ ഓഫ് കൊമേഴ്സ്, കോഴിക്കോട്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.